ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1019

# സൂറ - 32 / അസ്സജദ

## സൂക്തം: 12 - 15

പ്രവാചകനെയും അദ്ദേഹത്തിലൂടെ മനുഷ്യകുലത്തെ മുഴുവനും സംബോധന ചെയ്തുകൊണ്ട് ഉണർത്തുകയാണ്: ഇന്ന് അസത്യത്തിലും അധർമത്തിലും വിഹരിച്ചു വാഴുന്ന ഈ പരലോകനിഷേധികൾ നാളെ പരലോകത്ത് അല്ലാഹുവിന്റെ കോടതിയിൽ തലകുനിച്ചു നിൽക്കേണ്ടിവരും. തങ്ങൾ ഇഹലോകത്ത് വലിയ വായിൽ വാദിച്ചിരുന്നതും അഹന്തയോടെ ചെയ്തുകൂട്ടിയതുമെല്ലാം പരമാബദ്ധവും മഹാ പാപവുമായിരുന്നു എന്ന് അവിടെ അവർക്ക് ബോധ്യപ്പെട്ടിരിക്കുന്നു.

وَلَوْ تَرَىٰ إِذِ الْمُجْرِمُونَ نَاكِسُو رُءُوسِهِمْ عِندَ رَبِّهِمْ رَبَّنَا
أَبْصَرْنَا وَسَمِعْنَا فَارْجِعْنَا نَعْمَلْ صَالِحًا إِنَّا مُوقِنُونَ ﴿١٢﴾

12. കഷ്ടം! ഈ കുറ്റവാളികൾ വിധാതാവിന്റെ സന്നിധിയിൽ തലകുനിച്ചുനിൽക്കുന്നത് നീ കാണുകയാണെങ്കിൽ!? അപ്പോൾ അവർ വിലപിച്ചുകൊണ്ടിരിക്കും; ഞങ്ങൾ എല്ലാം നേരിൽ കണ്ടും കേട്ടും നന്നായി അറിഞ്ഞുകഴിഞ്ഞിരിക്കുന്നു. ഇനി ഞങ്ങളെ ഭൗതിക ജീവിതത്തിലേക്ക് തിരിച്ചയക്കേണമേ, ഞങ്ങൾ സൽക്കർമങ്ങളാചരിച്ചുകൊള്ളാം. ഇപ്പോൾ ഞങ്ങൾ സത്യധർമങ്ങളിൽ ഉറച്ച ബോധ്യമുള്ളവരായിരിക്കുന്നു.

**12**

وَلَوْ تَرَىٰ = (കഷ്ടം!) നീ കാണുകയാണെങ്കിൽ

إِذِ الْمُجْرِمُونَ نَاكِسُو رُءُوسِهِمْ = ഈ കുറ്റവാളികൾ അവരുടെ തലകൾ കുനിച്ചു നിൽക്കുന്നത്

عِندَ رَبِّهِمْ = അവരുടെ വിധാതാവിന്റെ സന്നിധിയിൽ

رَبَّنَا أَبْصَرْنَا وَسَمِعْنَا = (അപ്പോൾ വിലപിച്ചുകൊണ്ടിരിക്കും) നാഥാ, ഞങ്ങൾ (എല്ലാം നേരിൽ) കണ്ടു, കേട്ടു (നന്നായി അറിഞ്ഞുകഴിഞ്ഞിരിക്കുന്നു)

فَارْجِعْنَا = ആകയാൽ (ഇനി) ഞങ്ങളെ മടക്കേണമേ (ഭൗതിക ജീവിതത്തിലേക്ക് തിരിച്ചയക്കേണമേ)

نَعْمَلْ صَالِحًا = ഞങ്ങൾ സൽക്കർമങ്ങളാചരിച്ചുകൊള്ളാം

إِنَّا مُوقِنُونَ = (ഇപ്പോൾ) ഞങ്ങൾ (സത്യധർമങ്ങളിൽ) ഉറച്ച ബോധ്യമുള്ളവരായിരിക്കുന്നു

ഖുർആനിനെയും പ്രവാചകനെയും പരലോകത്തെയും നിഷേധിച്ച് അക്രമങ്ങളിലും അധർമങ്ങളിലും മുഴുകി ജീവിച്ചവരാണ് ഇവിടെ مُجْرِمُونَ കൊണ്ടുദ്ദേശ്യം. വസ്തുവിന്റെ മേൽഭാഗം താഴോട്ടാക്കുന്നവനാണ് نَاكِسُ. തല കുമ്പിടുന്നതിന് نَكَسَ رَأسه എന്നു പറയും. نَكْسُ الرَّأس അപമാനത്തിന്റെയും അപകർഷതയുടെയും നെടുംഖേദത്തിന്റെയും അടയാളമാണ്. عِندَ رَبِّهِمْ -അവരുടെ വിധാതാവിന്റെ അടുത്ത്- എന്നതിന്റെ താൽപര്യം വിധാതാവിന്റെ വിചാരണാ കോടതിയിൽ എന്നാകുന്നു. അവർ അല്ലാഹുവിന്റെ കോടതിയിൽ തലകുനിച്ചു നിൽക്കുന്നത് നീ കാണാനിടയായാൽ എന്തു സംഭവിക്കും എന്ന് ഇവിടെ പറയുന്നില്ല. കാരണം അത് അവർണനീയമാകുന്നു. ആ സന്ദർഭത്തിൽ അവരിൽ പ്രകടമാകുന്ന ഭയവിഹ്വലതയും നെടുംഖേദവും നിന്ദ്യതയും നിങ്ങൾക്ക് സങ്കൽപിക്കാനാവുന്നതിനപ്പുറമായിരിക്കും. رَبَّنَا .... مُوقِنُونَ എന്നവാക്യം കുറ്റവാളികളിൽനിന്നുയരുന്ന ദാരുണമായ വിലാപമാണ്.

പ്രവാചകനെയും അദ്ദേഹത്തിലൂടെ മനുഷ്യകുലത്തെ മുഴുവനും സംബോധന ചെയ്തുകൊണ്ട് ഉണർത്തുകയാണ്: ഇന്ന് അസത്യത്തിലും അധർമത്തിലും വിഹരിച്ചു വാഴുന്ന ഈ പരലോകനിഷേധികൾ നാളെ പരലോകത്ത് അല്ലാഹുവിന്റെ കോടതിയിൽ തലകുനിച്ചു നിൽക്കേണ്ടിവരും. തങ്ങൾ ഇഹലോകത്ത് വലിയ വായിൽ വാദിച്ചിരുന്നതും അഹന്തയോടെ ചെയ്തുകൂട്ടിയതുമെല്ലാം പരമാബദ്ധവും മഹാ പാപവുമായിരുന്നു എന്ന് അവിടെ അവർക്ക് ബോധ്യപ്പെട്ടിരിക്കുന്നു. തറയോളം തലതാഴ്ത്തിയുള്ള ആ നിൽപിൽ അവരനുഭവിക്കുന്ന അപമാനത്തിന്റെയും ദുഃഖത്തിന്റെയും ഭീതിയുടെയും അഗാധത നിനക്ക് സങ്കൽപിക്കാവുന്നതിനപ്പുറമായിരിക്കും.

അപ്പോഴവർ വൃഥാ കേണുകൊണ്ടിരിക്കും; നാഥാ, ഞങ്ങൾ എല്ലാ സത്യങ്ങളും കണ്ടും കേട്ടും ബോധിച്ചുകഴിഞ്ഞിരിക്കുന്നു. ഇനി ഞങ്ങൾക്ക് ഒരവസരവും കൂടി നൽകി ഇഹലോക ജീവിതത്തിലേക്ക് തിരിച്ചയക്കേണമേ! ഞങ്ങൾ അസത്യങ്ങളും അധർമങ്ങളും വെടിഞ്ഞ് സൽക്കർമങ്ങളനുഷ്ഠിച്ച് വാണുകൊള്ളാം. എല്ലാ സത്യധർമങ്ങളിലും ഞങ്ങൾക്ക് ഉറച്ച ബോധ്യം വന്നിരിക്കുന്നു. ●

---

وَلَوْ شِئْنَا لَآتَيْنَا كُلَّ نَفْسٍ هُدَاهَا وَلَٰكِنْ حَقَّ الْقَوْلُ مِنِّي لَأَمْلَأَنَّ جَهَنَّمَ مِنَ الْجِنَّةِ وَالنَّاسِ أَجْمَعِينَ ﴿١٣﴾

13. അപ്പോൾ അവർക്ക് മറുപടി ലഭിക്കുന്നു: നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഓരോ ആത്മാവിനും അതിന്റെ സന്മാർഗം മാത്രം നൽകുമായിരുന്നു. എന്നാൽ ഇത് നേരത്തേ നമ്മിൽനിന്നുണ്ടായ തിരുവചനം സത്യമായി പുലർന്നതാകുന്നു. അതെന്തെന്നാൽ, തീർച്ചയായും നരകം ഞാൻ ജിന്നുകളാലും മനുഷ്യരാലുമെല്ലാം നിറക്കുന്നതാകുന്നു.

**13**

وَلَوْ شِئْنَا = (അപ്പോൾ അവർക്കു മറുപടി ലഭിക്കും) നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ

لَآتَيْنَا = തീർച്ചയായും നാം നൽകുമായിരുന്നു

كُلَّ نَفْسٍ = എല്ലാ ഓരോ ആത്മാവിനും

هُدَاهَا = അതിന്റെ സന്മാർഗം (മാത്രം)

وَلَٰكِنْ = പക്ഷേ, എന്നാൽ (ഇത്)

حَقَّ الْقَوْلُ مِنِّي = (നേരത്തേ) നമ്മിൽനിന്ന് (ഉണ്ടായ തിരു) വചനം സത്യമായി (പുലർന്നതാകുന്നു)

لَأَمْلَأَنَّ جَهَنَّمَ = (അതെന്തെന്നാൽ) തീർച്ചയായും ഞാൻ നരകം നിറക്കും

مِنَ الْجِنَّةِ وَالنَّاسِ أَجْمَعِينَ = ജിന്നുകളാലും മനുഷ്യരാലുമെല്ലാം

അവരുടെ പരിദേവനത്തോടുള്ള അല്ലാഹുവിന്റെ പ്രതികരണമാണിത്. നാം നിങ്ങളെ സൃഷ്ടിച്ചതിന്റെ ലക്ഷ്യം എല്ലാ മനുഷ്യരെയും നിർബന്ധിച്ച് സന്മാർഗത്തിലൂടെ മാത്രം ചരിപ്പിക്കുക എന്നതായിരുന്നില്ല. അതായിരുന്നു ലക്ഷ്യമെങ്കിൽ മറ്റു ചില സൃഷ്ടികളെപ്പോലെ, ഓരോ വ്യക്തിയും സന്മാർഗത്തിൽനിന്ന് വ്യതിചലിക്കാനാവാത്ത പ്രകൃതിയിൽ തന്നെ നിങ്ങളെയും സൃഷ്ടിക്കുമായിരുന്നു. നിങ്ങളെ നാം സ്വതന്ത്രരായിട്ടാണ് സൃഷ്ടിച്ചത്; ആ സ്വാതന്ത്ര്യം നിങ്ങൾ എങ്ങനെ ഉപയോഗിക്കുന്നു എന്നു നോക്കാൻ. നിങ്ങൾക്ക് പ്രകൃത്യാ ധർമാധർമങ്ങൾ ബോധനം ചെയ്തു. ബുദ്ധിയും വിവേചനശക്തിയും മറ്റു കഴിവുകളും നൽകി. ബുദ്ധിയെയും ഇന്ദ്രിയങ്ങളെയും സഹായിക്കാൻ പ്രവാചകന്മാരെ നിയോഗിച്ചു, വേദങ്ങളവതരിപ്പിച്ചു. അവർ നിങ്ങൾക്ക് സത്യത്തിന്റെയും സദാചാരത്തിന്റെയും സൽപരിണതിയുടെ സുവിശേഷം നൽകി. അസത്യത്തിന്റെയും അനാചാരത്തിന്റെയും ദുരന്തപരിണതിയുടെ മുന്നറിയിപ്പും തന്നു. അവയെ നിങ്ങൾ എങ്ങനെ സമീപിക്കുന്നുവെന്നും ജീവിതത്തെ എങ്ങനെ കൈകാര്യം ചെയ്യുന്നുവെന്നും പരീ

ക്ഷിക്കുകയായിരുന്നു നാം.

ഇപ്പോഴിതാ നിങ്ങളെഴുതിയ ഉത്തരങ്ങളൊക്കെയും തെറ്റാണെന്ന് കണ്ടുകഴിഞ്ഞു. ശരിയായ ഉത്തരക്കടലാസ് കൈയിൽ കിട്ടുകയും ചെയ്തു. ശരിയായ ഉത്തരക്കടലാസ് കൈയിൽ തന്ന ശേഷം നിങ്ങളെ ഇനിയൊരു പരീക്ഷയെഴുതിക്കുന്നതിലെന്തർഥം? അല്ലെങ്കിൽ ഇപ്പോൾ കണ്ടറിഞ്ഞ ശരിയുത്തരങ്ങൾ വിസ്മൃതമാക്കിയ ശേഷം വേണം നിങ്ങളെ മറ്റൊരു പരീക്ഷക്കിരുത്താൻ. അങ്ങനെ ചെയ്താൽ കഴിഞ്ഞ ജീവിതത്തിൽ ചെയ്തതു തന്നെയാണ് അടുത്ത ജീവിതത്തിലും നിങ്ങൾ ചെയ്യുക. അല്ലാഹുവിന്റെ പരീക്ഷ ഒരു ജീവിതം മുഴുവനുമായിരുന്നു. പാഠങ്ങൾ പഠിക്കാനും പഠിച്ചത് പുനഃപരിശോധിക്കാനും എഴുതിയത് തിരുത്താനുമൊക്കെ അന്ന് വേണ്ടുവോളം സമയുണ്ടായിരുന്നു. പഠിപ്പിക്കാനും തിരുത്തിത്തരാനും ധാരാളം ഗുരുക്കളുമുണ്ടായിരുന്നു. അതൊന്നും നിങ്ങളുപയോഗിച്ചില്ല. സത്യസാരങ്ങൾ അവഗണിച്ച് ചെകുത്താന്റെ പിമ്പെ പാഞ്ഞു. ഇപ്പോൾ അവൻ നിങ്ങളെ ഈ പതനത്തിലെത്തിച്ചിരിക്കുകയാണ്. ഇങ്ങനെ ചെകുത്താനെ പിന്തുടർന്നെത്തുന്നവർ ഏറെയുണ്ടാകുമെന്നും അവരെ നാം കൈക്കൊള്ളുകയില്ലെന്നും' പ്രത്യുത അവരൊക്കെയും നരകത്തിന്റെ ഇന്ധനമായിത്തീരുമെന്നും നേരത്തേ പ്രഖ്യാപിച്ചിട്ടുള്ളതാണ്. നമ്മിൽനിന്നുള്ള വചനം സത്യമായി പുലർന്നിരിക്കുകയാണ് എന്നതിലെ 'വചനം'- قَوْلُ- ചെകുത്താൻ മനുഷ്യരെ വഴിതെറ്റിക്കാൻ പ്രതിജ്ഞയെടുത്തപ്പോൾ അല്ലാഹുവിൽനിന്നുണ്ടായ തിരുവരുളാണ്. 38:82-85 സൂക്തങ്ങളിൽ അതിങ്ങനെ വായിക്കാം:

قَالَ فَبِعِزَّتِكَ لَأُغْوِيَنَّهُمْ أَجْمَعِينَ ﴿٨٢﴾ إِلَّا عِبَادَكَ مِنْهُمُ الْمُخْلَصِينَ ﴿٨٣﴾ قَالَ فَالْحَقُّ وَالْحَقَّ أَقُولُ ﴿٨٤﴾ لَأَمْلَأَنَّ جَهَنَّمَ مِنكَ وَمِمَّن تَبِعَكَ مِنْهُمْ أَجْمَعِينَ ﴿٨٥﴾

(ഇബ്‌ലീസ് ശപഥം ചെയ്തു: നിന്റെ പ്രതാപമാണ, ഈ മർത്യരെയാകമാനം ഞാൻ വഴിപിഴപ്പിക്കുകതന്നെ ചെയ്യും; നിന്റെ നിഷ്കളങ്കരാക്കപ്പെട്ട ദാസന്മാരെ ഒഴിച്ച്. അപ്പോൾ അല്ലാഹു അരുൾ ചെയ്തു: എന്നാൽ സത്യമിതാണ്- ഞാൻ സത്യമേ പറയൂ- നിന്നെക്കൊണ്ടും മനുഷ്യരിൽ നിന്നെ പിന്തുടർന്നവരൊക്കെയും കൊണ്ടും ഞാൻ നരകം നിറക്കുന്നതാകുന്നു). ഇവിടെ مِنَ الْجِنَّةِ وَالنَّاسِ أَجْمَعِينَ എന്നതിന്റെ താൽപര്യം മനുഷ്യവർഗത്തിലും ജിന്ന് വർഗത്തിലും പെട്ട എല്ലാവരെയും നരകത്തിൽ നിറക്കും എന്നല്ല; ഈ രണ്ട് വർഗങ്ങളിലും ചെകുത്താനെ പിന്തുടർന്ന് അല്ലാഹുവിനെയും അവന്റെ അനുശാസനങ്ങളെയും പരലോകത്തെയും നിഷേധിച്ച് ജീവിച്ച സകലരെയും എന്നാകുന്നു. ●

---

فَذُوقُوا بِمَا نَسِيتُمْ لِقَاءَ يَوْمِكُمْ هَٰذَا إِنَّا نَسِينَاكُمْ ۖ وَذُوقُوا عَذَابَ الْخُلْدِ بِمَا كُنتُمْ تَعْمَلُونَ ﴿١٤﴾

14. ആകയാൽ ഈ ദിനത്തെ സന്ധിക്കുന്നത് മറന്നുകളഞ്ഞതിന്റെ തിക്തഫലം രുചിച്ചുകൊള്ളണം. നാം നിങ്ങളെ തള്ളിക്കളഞ്ഞിരിക്കുന്നു. ഇനി സ്വന്തം ദുഷ്ചെയ്തികളുടെ ഫലമായ നിത്യപീഡനം ആസ്വദിച്ചുകൊണ്ടേയിരിക്കുവിൻ.

**14**

فَذُوقُوا = ആകയാൽ രുചിച്ചുകൊള്ളണം بِمَا نَسِيتُمْ = നിങ്ങൾ മറന്നുകളഞ്ഞതുകൊണ്ട് (ഞ്ഞതിന്റെ തിക്തഫലം)

لِقَاءَ يَوْمِكُمْ هَٰذَا = നിങ്ങളുടെ ഈ ദിവസത്തെ സന്ധിക്കുന്നതിനെ

إِنَّا نَسِينَاكُمْ = നാം നിങ്ങളെ മറന്നു(തള്ളിക്കളഞ്ഞിരിക്കുന്നു)

وَذُوقُوا = (ഇനി) ആസ്വദി(ച്ചുകൊണ്ടേയിരി)ക്കുവിൻ عَذَابَ الْخُلْدِ = നിത്യപീഡനം, ശിക്ഷ

بِمَا كُنتُمْ تَعْمَلُونَ = നിങ്ങൾ പ്രവർത്തിച്ചിരുന്നതുകൊണ്ട് (സ്വന്തം ദുഷ്ചെയ്തികളുടെ ഫലമായ)

അതിനാൽ, ഇങ്ങനെയൊരു ദിനം അഭിമുഖീകരിക്കേണ്ടിവരുമെന്ന് ഭൗതിക ജീവിതത്തിൽ മറന്നുകളഞ്ഞതിന്റെ തിക്തഫലം രുചിക്കുകയല്ലാതെ ഇനി നിങ്ങൾക്ക് ഗത്യന്തരമില്ല. നാം നിങ്ങളെ തള്ളിക്കളഞ്ഞിരിക്കുന്നു. إِنَّا نَسِينَاكُمْ എന്നതിന്റെ ഭാഷാർഥം നാം നിങ്ങളെ മറന്നിരിക്കുന്നു എന്നാണെങ്കിലും അവഗണിച്ചുതള്ളി എന്ന അർഥത്തിലുള്ള ഒരു പ്രയോഗമാണിവിടെ. സ്വയം ചെയ്തുകൊണ്ടിരുന്ന ദുഷ്ടതകൾക്കുള്ള നിത്യപീഡനം മാത്രമാണ് ഇനി നിങ്ങൾക്ക് ആസ്വദിക്കാനുള്ളത്. അനന്തകാലം അതുതന്നെ ആസ്വദിച്ചുകഴിഞ്ഞോളിൻ. ●

إِنَّمَا يُؤْمِنُ بِآيَاتِنَا الَّذِينَ إِذَا ذُكِّرُوا بِهَا خَرُّوا سُجَّدًا وَسَبَّحُوا بِحَمْدِ رَبِّهِمْ وَهُمْ لَا يَسْتَكْبِرُونَ ۩ ﴿١٥﴾

15. നമ്മുടെ സൂക്തങ്ങൾ ഓർമിപ്പിച്ചാൽ പ്രണാമത്തിൽ വീണുപോകുന്നവരും വിധാതാവിനെ സ്തുതിച്ചുകൊണ്ട് അവന്റെ വിശുദ്ധി പ്രകീർത്തനം ചെയ്യുന്നവരും മാത്രമേ അതിൽ വിശ്വസിക്കുകയുള്ളൂ. അവരോ, ഒട്ടും അഹങ്കരിക്കാത്തവരാകുന്നു.

**15**

إِنَّمَا يُؤْمِنُ = വിശ്വസിക്കുകയുള്ളൂ بِآيَاتِنَا = നമ്മുടെ സൂക്തങ്ങളിൽ

الَّذِينَ إِذَا ذُكِّرُوا بِهَا = അവർ അത് ഓർമിപ്പി(ച്ചാ)ക്കപ്പെട്ടാൽ

خَرُّوا سُجَّدًا = സുജൂദ് ചെയ്യുന്നവരായി അവർ വീഴുന്നു (പ്രണാമത്തിൽ വീണുപോകുന്നവരും)

وَسَبَّحُوا بِحَمْدِ رَبِّهِمْ = അവരുടെ വിധാതാവിന്റെ ഹംദ്കൊണ്ട് തസ്ബീഹ് ചെയ്തവരും (വിധാതാവിനെ സ്തുതിച്ചുകൊണ്ട് അവന്റെ വിശുദ്ധി പ്രകീർത്തനം ചെയ്യുന്നവരും മാത്രമേ)

وَهُمْ = അവരോ لَا يَسْتَكْبِرُونَ = (ഒട്ടും) അഹങ്കരിക്കാത്തവരാകുന്നു

അല്ലാഹുവിനെയും അവന്റെ ദൂതനെയും വേദത്തെയും പരലോകത്തെയും നിഷേധിച്ച് സത്യവിരുദ്ധ ജീവിതക്രമം സ്വീകരിച്ചവരെക്കുറിച്ചാണല്ലോ മുൻസൂക്തം സംസാരിച്ചത്. തുടർന്ന് പ്രവാചകനെ സ്വീകരിക്കുകയും അദ്ദേഹത്തിന്റെ സത്യപ്രബോധനം വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുക ഏതുതരം ആളുകളാണെന്ന് ഉണർത്തുകയാണ്. പ്രപഞ്ചത്തിന്റെ പ്രവർത്തനത്തിലും സ്വന്തം സൃഷ്ടിയിലും വിളങ്ങുന്ന ദൈവിക ദൃഷ്ടാന്തങ്ങളൊന്നും കാണാൻ കൂട്ടാക്കാതെ, എല്ലാം സ്വയം ഉണ്ടായതാണ്, അല്ലെങ്കിൽ പല പല ദൈവങ്ങളുടെ വിനോദങ്ങളാണെന്നും അതിൽ ഒരു നിയന്താവോ ലക്ഷ്യമോ ഉദ്ദേശ്യമോ ഒന്നുമില്ലെന്നും അതുകൊണ്ടുതന്നെ മരണാനന്തര ജീവിതവും പരലോക വിചാരണയുമൊക്കെ മിഥ്യാ സങ്കൽപങ്ങളാണെന്നും വാദിക്കുന്നവർ ഈ സന്ദേശത്തിൽ വിശ്വസിക്കുകയില്ല. സ്വന്തം അസ്തിത്വത്തിലൂടെയും ബാഹ്യപ്രപഞ്ചത്തിലൂടെയും ദൈവത്തെ- അവന്റെ അടയാളങ്ങളെ- കണ്ടെത്തുന്നവർക്കേ പ്രപഞ്ചത്തിനൊരു ഉടമസ്ഥനുണ്ടെന്നും തികച്ചും യുക്തിയുക്തമായും നൈതികമായും സോദ്ദേശ്യമായും വ്യവസ്ഥാപിതമായുമാണ് അവനിത് സൃഷ്ടിച്ചിട്ടുള്ളതെന്നും പ്രപഞ്ചത്തിന്റെ ദൈവിക നീതിയും ക്രമവുമനുസരിച്ച് വാഴാൻ തങ്ങളും ബാധ്യസ്ഥരാണെന്നും വിശ്വസിക്കാൻ കഴിയൂ. തന്നിലും തനിക്കു ചുറ്റിലും കാണപ്പെടുന്ന ദൃഷ്ടാന്തങ്ങളും പ്രവാചകനിലൂടെ അവതീർണമാകുന്ന ധർമസൂക്തങ്ങളും ചേർന്നതാണ് ഇവിടെ പറയുന്ന آيَاتِ. ദൈവിക ദൃഷ്ടാന്തങ്ങൾ മുൻവിധിയില്ലാതെ ഉൾക്കൊള്ളുന്നവർ അതേക്കുറിച്ച് അനുസ്മരിപ്പിക്കപ്പെട്ടാൽ അനിഛയാ പ്രണാമം ചെയ്തുപോകും. خَرُّوا سُجَّدًا എന്നാണ് മൂലവാക്യം. ക്രമമില്ലാതെ, പൊളിഞ്ഞു വീഴുകയാണ് خرور. 'സാജിദി'ന്റെ ബഹുവചനമാണ് سُجَّد. അതായത് ദൈവിക സൂക്തങ്ങൾ ഓർമിപ്പിക്കപ്പെട്ടാൽ ആലോചിക്കാനോ ആരെങ്കിലും ആവശ്യപ്പെടാനോ കാത്തുനിൽക്കാതെ അവർ സ്വയംപ്രേരിതരായി പ്രണാമം ചെയ്തുപോകും. ദൈവിക സൂക്തങ്ങൾ ഓർമിപ്പിക്കപ്പെടുമ്പോൾ മനസ്സുകൾ ഭയഭക്തിവികാരങ്ങളാൽ തരളിതമാവുകയും അല്ലാഹുവിന്റെ മുന്നിൽ ശിരസ്സ് കുനിയുകയും ചെയ്യുക ഉന്നതമായ ഒരു ഈമാനിക സംസ്കാരമാണ്. നേരത്തേ 8:2-ലും ഇതേപ്പറ്റി പ്രസ്താവിച്ചിരിക്കുന്നു:

إِنَّمَا الْمُؤْمِنُونَ الَّذِينَ إِذَا ذُكِرَ اللَّهُ وَجِلَتْ قُلُوبُهُمْ وَإِذَا تُلِيَتْ عَلَيْهِمْ آيَاتُهُ زَادَتْهُمْ إِيمَانًا وَعَلَىٰ رَبِّهِمْ يَتَوَكَّلُونَ ﴿٢﴾

(അല്ലാഹു അനുസ്മരിക്കപ്പെട്ടാൽ മനസ്സുകൾ പ്രകമ്പിതമാകുന്നവരത്രെ യഥാർഥ വിശ്വാസികൾ. അവന്റെ സൂക്തങ്ങൾ ഓതിക്കേൾപ്പിക്കപ്പെട്ടാൽ അവരുടെ വിശ്വാസം കൂടുതൽ ജ്വലിക്കുന്നു. സമ്പൂർണമായി തങ്ങളെ വിധാതാവിനു സമർപ്പിക്കുന്നവരാണവർ). വിശദീകരണം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തത്തിനു താഴെ കാണുക. ഇനി 39:23-ാം സൂക്തത്തിൽ ഇത് കുറേകൂടി ഗംഭീരമായി അവതരിപ്പിക്കുന്നുണ്ട്:

اللَّهُ نَزَّلَ أَحْسَنَ الْحَدِيثِ كِتَابًا مُّتَشَابِهًا مَّثَانِيَ تَقْشَعِرُّ مِنْهُ جُلُودُ الَّذِينَ يَخْشَوْنَ رَبَّهُمْ ثُمَّ تَلِينُ جُلُودُهُمْ وَقُلُوبُهُمْ إِلَىٰ ذِكْرِ اللَّهِ ۚ ذَٰلِكَ هُدَى اللَّهِ يَهْدِي بِهِ مَن يَشَاءُ ۚ وَمَن يُضْلِلِ اللَّهُ فَمَا لَهُ مِنْ هَادٍ ﴿٢٣﴾

(സമുത്കൃഷ്ട വചനങ്ങളത്രെ അല്ലാഹു അവതരിപ്പിച്ചിരിക്കുന്നത്. ഘടകങ്ങളൊക്കെയും പരസ്പരം ചേർന്നതും വിഷയങ്ങൾ ആവർത്തിച്ചുറപ്പിക്കപ്പെട്ടതുമായ വേദം. അത് കേൾക്കുമ്പോൾ വിധാതാവിനെ ഭയപ്പെടുന്നവർക്ക് രോമാഞ്ചമുണ്ടാകുന്നു. എന്നിട്ടവരുടെ ചർമങ്ങളും മനസ്സുകളും തരളിതമായി ദൈവസ്മരണയിലേക്ക് ഉന്മുഖമാകുന്നു. ഇതത്രെ ദൈവിക സന്മാർഗം. അവനിഛിക്കുന്നവരെ സന്മാർഗത്തിലേക്ക് നയിക്കുന്നു. അവൻ വഴിതെറ്റിക്കുന്നവരെ നേർവഴിക്ക് നയിക്കാനാരുമില്ല).

യഥാർഥ വിശ്വാസികൾ നമസ്കാരത്തിലും അല്ലാത്തപ്പോഴും അല്ലാഹുവിനെ സ്തുതിച്ചുകൊണ്ടിരിക്കുന്നവരാണ്:

فَإِذَا قُضِيَتِ الصَّلَاةُ فَانتَشِرُوا فِي الْأَرْضِ وَابْتَغُوا مِن فَضْلِ اللَّهِ
وَاذْكُرُوا اللَّهَ كَثِيرًا لَّعَلَّكُمْ تُفْلِحُونَ ﴿١٠﴾

(നമസ്കാരം നിർവഹിക്കപ്പെട്ടുകഴിഞ്ഞാൽ ഭൂമിയിൽ വ്യാപരിക്കുകയും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ തേടുകയും ചെയ്തുകൊള്ളുക. അല്ലാഹുവിനെ അധികമധികം സ്മരിച്ചുകൊണ്ടിരിക്കുകയും ചെയ്യുവിൻ-62:10). ആരാധനാ വേളയിൽ മാത്രമല്ലാതെ ലൗകിക കാര്യങ്ങളിൽ വ്യാപരിക്കുമ്പോഴും ദൈവവിചാരമുള്ളവനായിരിക്കണം. ذكرالله -ദൈവനാമം ഉരുവിടൽ- സ്വയം ഇബാദത്താണ്. നാവു കൊണ്ട് ഉരുവിടുന്ന ذكر -നേക്കാൾ പ്രധാനവും ശ്രേഷ്ഠവും മനസ്സുകൊണ്ടുള്ള ദൈവസ്മരണയാണ്. മനസ്സിലുള്ള ദൈവസ്മരണ മനുഷ്യർ ദൈവശാസനയിൽനിന്ന് വ്യതിചലിക്കുന്നത് തടയും. ഉമർ (റ) പ്രസ്താവിച്ചു: ''നാവുകൊണ്ട് അല്ലാഹുവിനെ ഭജിക്കുന്നതിനേക്കാൾ ശ്രേഷ്ഠത അല്ലാഹുവിനെ അവന്റെ വിധിവിലക്കുകൾക്കടുത്ത് ഓർക്കുന്നതാണ്.'' അല്ലാഹുവിന്റെ സ്തുതി പ്രകീർത്തനം ചെയ്യലാണ് മൊത്തത്തിൽ تسبيح بحمده. വിശകലനത്തിൽ, അല്ലാഹുവിന്റെ വിശുദ്ധിയുടെ പ്രകീർത്തനം تسبيح -ഉം സൽഗുണങ്ങളുടെ പ്രകീർത്തനം تحميد -ഉം ആകുന്നു. سبحان الله وبحمده , سبحان ربّي الأعلى وبحمده തുടങ്ങിയ ദിക്റുകൾ തസ്ബീഹും തഹ്മീദും ചേർന്നതാണ്.

ദൈവിക സൂക്തങ്ങൾ ഓർമിപ്പിക്കുമ്പോൾ വിശ്വാസികൾ പ്രണാമം ചെയ്യുന്നതും സ്തോത്രം ചൊല്ലുന്നതും അവരുടെ ഉള്ളിലുറച്ച ഭക്തിയും ദൈവവിധേയത്വവും എളിമയും മൂലമാണ്. അജയ്യരോ അധികാരികളോ ഉന്നതരോ ആണെന്ന് അവർ സ്വയം കരുതുന്നില്ല. തങ്ങളും തങ്ങളുടേതെന്ന് പറയപ്പെടുന്നതും ചുറ്റുപാടുള്ളതുമെല്ലാം അല്ലാഹുവിന്റേതാണ്. അവനാണ് അവ പരിപാലിച്ചുകൊണ്ടിരിക്കുന്നത്. തനിക്ക് എല്ലാ നേട്ടങ്ങളും നന്മകളും അവന്റെ ഔദാര്യമാണ്. അതുകൊണ്ട് അവനെ സ്മരിച്ചും അനുസരിച്ചും ജീവിക്കേണ്ട അടിമകൾ മാത്രമാണ് തങ്ങൾ. ഇതാണവരുടെ മനോഭാവം. സത്യത്തിനും ധർമത്തിനും നീതിക്കും അതീതനെന്ന ഭാവമാണ് استكبار -ന്റെ യാഥാർഥ്യം. ഏറ്റവും പ്രഥമവും പ്രധാനവുമായ മഹാ ദൗഷ്ട്യമാണിത്. ഒരുവനെ ഇതെത്രത്തോളം ബാധിക്കുന്നുവോ അത്രത്തോളം അയാൾ ദുഷ്ടനാകുന്നു. ഇബ്ലീസിനെ പിടികൂടിയത് ഈ ദോഷമാണ്. അതവനെ സ്വർഗഭ്രഷ്ടനാക്കി. അഹങ്കാരികൾ അവരുടെ അഭിലാഷങ്ങളോടും അഭിപ്രായങ്ങളോടും യോജിക്കാത്ത ഒരു സത്യവും- അതെത്ര ശക്തവും വ്യക്തവുമാണെങ്കിലും- സ്വീകരിക്കാൻ വിസമ്മതിക്കുന്നു. ക്രമേണ, സത്യം സ്വീകരിക്കാനുള്ള കഴിവു തന്നെ അല്ലാഹു അയാൾക്ക് നിഷേധിക്കുന്നു. സത്യത്തെ എത്ര ചെറുതായാലും വലുതായാലും ഏതു കോണിൽനിന്ന് വരുന്നതായാലും മറ്റെന്തിനേക്കാളും മീതെയായി കാണുന്നവർക്കേ സത്യം വിശ്വസിക്കാനും അനുസരിക്കാനും ഉതവിയുണ്ടാകൂ. അത്തരക്കാർ തങ്ങളുടെ ബദ്ധവൈരികളിൽനിന്ന് വരുന്ന സത്യങ്ങൾ പോലും സശിരകമ്പം സമ്മതിക്കും. സത്യം അല്ലാഹുവിന്റെ ഗുണമാണ്. താൻ സത്യത്തിന്റെ ദാസൻ (عبد الحق) ആണ്. സത്യം, അതെന്തായാലും സ്വീകരിക്കാനും അനുസരിക്കാനും താൻ ബാധ്യസ്ഥനാകുന്നു. അഹങ്കാരികൾ ആഗ്രഹിക്കുന്നത് താൻ സത്യം സ്വീകരിക്കണമെന്നല്ല; സത്യം തന്നെ സ്വീകരിച്ചുകൊള്ളണമെന്നാണ്. യാഥാർഥ്യങ്ങളോടല്ല, സ്വന്തം ഈഗോയോടാണ് അവരുടെ കൂറ്. അതിനാൽ പ്രാപഞ്ചിക പ്രതിഭാസങ്ങൾ വിളിച്ചോതുന്ന ദൈവികദൃഷ്ടാന്തങ്ങളൊന്നും പരിഗണിക്കാൻ കൂട്ടാക്കാതെ അവർ സ്വയം ജീവിതദർശനങ്ങൾ ആവിഷ്കരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നു. സൂറ: *അസ്സജദ*യിലെ ഈ 15-ാം സൂക്തം ഓതുമ്പോൾ ഓതുന്നവരും കേൾക്കുന്നവരും സുജൂദ് ചെയ്യുന്നത് അഭികാമ്യമാണെന്ന് പൂർവിക പണ്ഡിതന്മാർ ഉപദേശിച്ചിരിക്കുന്നു. ഈ സുജൂദിന് അത്തഹിയ്യാത്തോ സലാമോ ആവശ്യമില്ല. വുദൂ, ശുദ്ധി, നഗ്നത മറക്കൽ എന്നിവയൊക്കെ നല്ലതാണെങ്കിലും നിർബന്ധമല്ലെന്നാണ് അധിക പണ്ഡിതന്മാരുടെയും വീക്ഷണം. സുജൂദിലേക്ക് പോകുമ്പോഴും ഉയരുമ്പോഴും തക്ബീർ ഉണ്ട്. സുജൂദിൽ ചൊല്ലുന്ന പ്രാർഥന ഏതുമാകാം. നബി (സ) ഇപ്രകാരം പ്രാർഥിച്ചിരുന്നതായി തിർമിദി ഉദ്ധരിച്ചിരിക്കുന്നു:

سَجَدَ وَجْهِي لِلَّذِي خَلَقَهُ وَشَقَّ سَمْعَهُ وَبَصَرَهُ بِحَوْلِهِ وَقُوَّتِهِ فَتَبَارَكَ اللَّهُ
أَحْسَنُ الْخَالِقِينَ

(എന്റെ മുഖം തന്റെ കഴിവിനാലും കരുത്തിനാലും അതിനെ സൃഷ്ടിക്കുകയും കണ്ണും കാതും കീറുകയും ചെയ്തവനു വേണ്ടി പ്രണമിച്ചിരിക്കുന്നു. അല്ലാഹു അതിവിശിഷ്ടനായ സ്രഷ്ടാവ് തന്നെയാകുന്നു).

●